## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 30 12.01.2021-ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ ക്ഷേമം

| ചോദ്യം<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. പി.വി.അൻവർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)<br>2. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി.)<br>3. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്<br>4. പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി<br>5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം<br>6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്<br>7. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും<br>8. ഓൺലൈൻ ഡാറ്റാ ബേയ്സ്<br>9. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)<br>10. എമജൻസി റിപാട്രിയേഷൻ ഫണ്ട്<br>11. ലോക കേരള സഭ<br>12. സാന്ത്വന പദ്ധതി (ധനസഹായത്തിന് ഉണ്ടായിരുന്ന വരുമാന പരിധി ഒരു ലക്ഷം രൂപയിൽ നിന്നും 1.5 ലക്ഷം രൂപയായി ഉയർത്തി)<br>13. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ |

| | | | |
|---|---|---|---|
| | | | 14. നോർക്ക റിക്രൂട്ട്മെന്റ്<br>15. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്<br>16. NRI ഇൻവെസ്റ്റ്മെന്റ് കമ്പനി<br>17. പ്രവാസി കേന്ദ്ര സഹകരണ സംഘം<br>18. വനിത NRK സെൽ<br>**കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു:-**<br>19. മുൻ സർക്കാരിന്റെ കാലത്ത് 500 രൂപ മുതൽ 1000 രൂപ വരെ ആയിരുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാറ്റഗറി വ്യത്യാസം ഇല്ലാതെ 2000 രൂപ മുതൽ 4000 രൂപവരെയായി വർദ്ധിപ്പിച്ചു.<br>20. പ്രവാസി ക്ഷേമ നിധി അംഗത്വത്തിന് സുതാര്യമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.<br>21. കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർക്കെല്ലാം 1000 രൂപ ധനസഹായം നൽകി. കൂടാതെ ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 ബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000/- രൂപ വീതവും നൽകി വരുന്നു.<br>22. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി' ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി.<br>മേൽ വിവരിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം (1)** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രവാസികളുടെ നിക്ഷേപം സുരക്ഷിതമാക്കുന്നതിനും അത് നാടിന്റെ വികസനത്തിനും പുരോഗതിക്കും വേണ്ടി ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനുമായി നടപ്പിലാക്കിയ പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ വിശദാംശം നൽകാമോ; | ബി) | പ്രവാസി കേരളീയരുടെ ക്ഷേമം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി ക്ഷേമ ബോർഡ് കിഫ്ബിയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസം സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന പദ്ധതിയാണിത്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ദീർഘകാല പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭ്യമാക്കുകയും ചെയ്യും. ആദ്യ 3 വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം കൂട്ടിച്ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. അതിനുശേഷം നോമിനിക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപ തുക തിരികെ നൽകുന്നതാണ്. ഇതിനോടകം വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളിൽ നിന്നും 181.14 കോടി രൂപ നിക്ഷേപമായി സ്വീകരിച്ച് കിഫ്ബിക്ക് നൽകിയിട്ടുണ്ട്. |
| സി) | വിവിധ രാജ്യങ്ങളിൽ നിന്ന് തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി ആരംഭിച്ച സംരംഭകത്വ പരിശീലന പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ; | സി) | തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് **(NDPREM)**. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകുന്ന പദ്ധതിയാണിത്. തിരികെ വന്ന് സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ |

| | | | |
|---|---|---|---|
| : | | | സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യാ തുടങ്ങിയ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രോജക്റ്റസിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകി വരുന്നു. |
| ഡി) | 2020 ജനുവരി ഒന്നിന് ശേഷം നാട്ടിലെത്തിയ പ്രവാസി മലയാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനം വിതരണം ചെയ്യുന്നതിനായി എത്ര തുക ചെലവഴിച്ചു എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | ഡി) | 2020 ജനുവരി ഒന്നിന് ശേഷം നാട്ടിലെത്തിയ പ്രവാസി മലയാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനം വിതരണം ചെയ്യുന്നതിനായി ഇതുവരെ 57.5 കോടി രൂപ ചെലവഴിച്ചു. ഈ ഇനത്തിലുള്ള ധനസഹായ വിതരണം പൂർത്തിയാക്കുന്നതിനുവേണ്ടി 25 കോടി രൂപ കൂടി നോർക്ക റൂട്ട്സിന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | പ്രവാസജീവിതം കഴിഞ്ഞ് തിരികെയെത്തിയ സാമ്പത്തികവും ശാരീരികവുമായി അവശത അനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി സർക്കാർ നടപ്പാക്കിയ പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്; | ഇ) | പ്രവാസജീവിതം കഴിഞ്ഞ് തിരികെയെത്തിയ സാമ്പത്തികവും ശാരീരികവുമായി അവശത അനുഭവിക്കുന്ന പ്രവാസികൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയാണ് 'സാന്ത്വന'. വിദേശത്തു നിന്നും തിരികെ എത്തിയ പ്രവാസികളിൽ വിവിധ രോഗങ്ങളാൽ ദുരിതം അനുഭവിക്കുന്നവർക്ക് ചികിത്സാ ധനസഹായമായി പരമാവധി 50,000/- രൂപവരെയും മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1,00,000/- രൂപവരെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് 15,000/- രൂപ വരെ ധനസഹായവും, പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽച്ചെയർ മുതലായവ വാങ്ങുന്നതിന് 10,000/- രൂപ വരെയും ധനസഹായം നൽകുന്നു. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി ക്ഷേമനിധി അംഗങ്ങൾക്ക് വിവിധ ധനസഹായങ്ങൾ നൽകി വരുന്നുണ്ട്. |
| എഫ്) | ഓരോ പദ്ധതി ഇനത്തിലും ഈ സർക്കാരിന്റെ കാലത്ത് എത്ര തുക വീതം ചെലവഴിച്ചുവെന്നും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാണോ; | എഫ്) | ഈ സർക്കാരിന്റെ കാലത്ത് ഓരോ പദ്ധതി-ഇനത്തിലും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം (2)** ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ജി). | സാന്ത്വന പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള വരുമാനപരിധി എത്രയായിരുന്നുവെന്നും ഇപ്പോൾ ഇത് ഉയർത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ; സാന്ത്വന ധനസഹായം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ? | ജി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാന്ത്വന പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള വരുമാനപരിധി 1 ലക്ഷമായിരുന്നത് 1.5 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. 14,460 ഗുണഭോക്താക്കൾക്കായി 86.12 കോടി രൂപയോളം ഈ പദ്ധതി മുഖേന വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 1

## നോർക്ക-റൂട്ട്സ്

നോർക്ക വകുപ്പിന്റെ കീഴിൽ 2002 മുതൽ പ്രവർത്തിച്ചുവരുന്ന ഫീൽഡ് ഏജൻസിയാണ് നോർക്കാ-റൂട്ട്സ്, ഇതിനു മുൻപ് ഈ സ്ഥാനത്ത് ഉണ്ടായിരുന്ന പ്രവാസി കേരളീയക്ഷേമ ഏജൻസി (NORKWA)യാണ് പിന്നീട് നോർക്കാ-റൂട്ട്സ് എന്ന കമ്പനിയായി മാറിയത്. വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്ന കേരളീയർ, തിരികെ എത്തിയവർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി നോക്കുന്നവർ, വിദേശത്തേക്ക് ജോലി തേടിപ്പോകുന്നവർ എന്നിങ്ങനെയുള്ള 4 വിഭാഗക്കാർക്കായി നോർക്കാ-റൂട്ട്സ് ഒട്ടേറെ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ക്ഷേമപുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രവർത്തനങ്ങളിലെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു

1. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 3075 ഗുണഭോക്താക്കൾ/ സംരംഭങ്ങൾക്കായി 48.73 കോടി രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. പുനരധിവാസ പദ്ധതിയിലെ പാർട്ട്ണർ ബാങ്കുകളുടെ എണ്ണം നാലിൽ നിന്നും പതിനാറായി ഉയർത്തി. പുനരധിവാസ പദ്ധതി പ്രകാരമുള്ള വായ്പ പരിധി 20 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപയായി ഉയർത്തി. മൂലധന സബ്സിഡി ലഭിക്കാനുള്ള ലോക്ക് ഇൻ കാലയളവ് 4 വർഷത്തിൽ നിന്നും 3 വർഷമായി കുറച്ചു. പുനരധിവാസ പദ്ധതി പ്രകാരം സംരംഭം തുടങ്ങുന്നവർക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനും കൈത്താങ്ങിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ പങ്കാളിയാക്കി.

2. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി)

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് കേരള സർക്കാരിൽ നിന്നും നോർക്ക സംബന്ധിച്ച് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി ഗ്ലോബൽ കോൺടാക്ട് സെന്റർ 2019 ഫെബ്രുവരി 15 മുതൽ ആരംഭിച്ചു.

3. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച ഈ പദ്ധതിയിൽ ഇതുവരെയായി പ്രവാസികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിനും ഗുരുതര രോഗബാധിതരെ നാട്ടിലെത്തിക്കുന്നതിനും ആയി 700 ഓളം പേർക്ക് സേവനം നൽകിയിട്ടുണ്ട്.

4. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി

കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതി പ്രകാരം 110 കേസുകളിന്മേൽ അപേക്ഷകൾ ലഭിക്കുകയും ഏകദേശം 100 കേസുകൾ ലീഗൽ കൺസൾട്ടന്റുമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം

ഈ പദ്ധതി പ്രകാരം 2019-20 ൽ 28 സംഘങ്ങൾക്ക് 3 ലക്ഷം രൂപ വീതം സഹായം അനുവദിച്ചിട്ടുണ്ട്. ഈ വർഷം പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

2019-2020 സാമ്പത്തിക വർഷമാണ് ഈ പദ്ധതി ആരംഭിച്ചത്. ആയതിൻപ്രകാരം 175 കുട്ടികൾക്ക് ഇതുവരെയും സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

7.നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും

പദ്ധതിയിൻകീഴിൽ നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡേറ്റാ സയൻസ് & അനലിറ്റിക്സ്, നേഴ്സുമാർക്ക് അതത് രാജ്യങ്ങളിലെ ഗവ. ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന് നേഴ്സിങ് ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലനം എന്നിവ നൽകിവരുന്നു.

8. ഓൺലൈൻ ഡാറ്റാ ബേയ്സ്

പ്രവാസികളേയും തിരികെയെത്തുന്ന പ്രവാസികളേയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസിന്റെ അഭാവമാണ് പ്രവാസികൾക്കു വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാർ നേരിടുന്ന വെല്ലുവിളി. ഈ വെല്ലുവിളി മറികടക്കുന്നതിനായി നോർക്ക-റൂട്ട്സ് മുഖേന ഒരു വെബ്പോർട്ടലിലൂടെ കൃത്യവും സമഗ്രവുമായ ഒരു തൽസമയ ഓൺലൈൻ ഡാറ്റാബേയ്സ് രൂപീകരിച്ചു.

9. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി)

പ്രവാസികളായ മലയാളികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നോർക്ക റൂട്ട്സിന്റെ കീഴിൽ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ഫലപ്രദമായി ലഘൂകരിക്കാൻ ഈ സെന്ററിന് കഴിഞ്ഞിട്ടുണ്ട്. ഇതുവഴി 110 കോടി രൂപയുടെ നിക്ഷേപവും 750 ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടുമെന്ന് കണക്കാക്കുന്നു.

10.എമർജൻസി റിപാട്രിയേഷൻ ഫണ്ട്.

ടി പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 14 പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിച്ചിട്ടുണ്ട്. കൂടാതെ അസുഖബാധിതരായ 100 ഓളം പ്രവാസികളെ ടി പദ്ധതിപ്രകാരം നാട്ടിലെത്തിച്ചിട്ടുണ്ട്.

11. ലോക കേരള സഭ

ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം. ലോകകേരള സഭ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശുപാർശകളിൽ താഴെ പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

- എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി
- എൻ.ഐ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി
- പ്രവാസി സഹകരണ സംഘം
- വനിത എൻ.ആർ.കെ സെൽ
- എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ pre embarkment orientation centres.
- നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം
- അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം
  പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

12. സാന്ത്വന

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 14460 ഗുണഭോക്താക്കൾക്കായി 86.12 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

സർക്കാരേതര പദ്ധതിയിലെ നേട്ടങ്ങൾ

1. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ (MHRD) മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള കേരള സംസ്ഥാനത്തെ ഏക സ്ഥാപനമാണ് നോർക്ക-റൂട്ട്സ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളുണ്ട്. നോർക്ക

വഴി കേരളത്തിലെമ്പാടും ഉള്ളവർക്ക് നോർക്ക-റൂട്ട്സ് മുഖേന ഹോം അറ്റസ്റ്റേഷൻ സൗകര്യം നിലവിൽ വന്നു.

സൗദി, ഖത്തർ, ബഹറൈൻ, കുവൈത്ത് എന്നീ രാജ്യങ്ങളിലേയ്ക്ക് പുതുതായി സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സേവനം.

എം. ഇ. എ അറ്റസ്റ്റേഷൻ, അപ്പോസ്റ്റൽ (ഹേഗ് കൺവെൻഷൻ ഉടമ്പടിയുടെ ഭാഗമായി 114 രാജ്യങ്ങളിലേയ്ക്കുള്ള അറ്റസ്റ്റേഷൻ)

കേരളത്തിന് പുറത്ത് ബെംഗ്ലൂരു, ചെന്നൈ എന്നിവിടങ്ങളിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സൗകര്യം.

കൊമേഴ്സ്യൽ ഡോക്യുമെന്റ്സിന്റെ യു.എ.ഇ അറ്റസ്റ്റേഷൻ.

കൂടാതെ കേരളത്തിലുടനീളമുള്ള പ്രൈവറ്റ് സർട്ടിഫിക്കറ്റുകൾ (ജനനം, മരണം, സ്വകാര്യ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ) എന്നിവയുടെ ഹോം അറ്റസ്റ്റേഷൻ.

2. നോർക്ക റിക്രൂട്ട്മെന്റ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് ഗൾഫിൽ ഗാർഹിക ജോലിക്ക് സൗജന്യ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തി.

നിലവിൽ സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, കുവൈറ്റ് എന്നീ ഗൾഫ് രാജ്യങ്ങളിലേയും, യു.കെ യിലേയും ആരോഗ്യമേഖലയിലേക്ക് ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ ടെക്നീഷ്യൻമാർ, ഗാർഹിക ജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ടവരെയും, മാലി ദ്വീപ്, ബ്രൂണെ എന്നിവിടങ്ങളിലേക്ക് അദ്ധ്യാപകരേയും, പെട്രോളിയം എഞ്ചിനീയർമാരേയും നോർക്ക റൂട്ട്സ് തെരഞ്ഞെടുത്ത് അയച്ചുവരുന്നു.

ഇതിനകം 1029 ൽ പരം നഴ്സുമാർ, 7 ഡോക്ടർമാർ, 24 ടെക്നീഷ്യൻസ്, 447 ഗാർഹിക തൊഴിലാളികൾ തുടങ്ങിയവർ നോർക്ക റിക്രൂട്ട്മെന്റ് വിഭാഗം മുഖേന റിക്രൂട്ട് ചെയ്തിട്ടുണ്ട്.

ജി.സി.സി രാജ്യങ്ങളിലേക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെൻറ് വിപുലീകരിക്കുന്നതിൻറെ ഭാഗമായി നോർക്ക റൂട്ട്സ് വിദേശ റിക്രൂട്ട്മെന്റ് വിഭാഗം മുഖേന ദ്വൈവാര എക്സ്പ്രസ് റിക്രൂട്ട്മെന്റും ആരംഭിച്ചിട്ടുണ്ട്.

3. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്

വിദേശത്ത് 6 മാസത്തിൽ കൂടുതൽ രേഖാമൂലം ജോലിചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 വയസ്സിനു മുകളിലുള്ളവർക്ക് 3 വർഷത്തെ കാലാവധിയുള്ള നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് നല്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

- പ്രവാസികൾക്കുള്ള അപകട മരണ ഇൻഷുറൻസ് തുക 2 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയാക്കി ഉയർത്തി.
- കൂടാതെ പെർമനന്റ് ഡിസ്എബിലിറ്റിക്ക് പരമാവധി 1 ലക്ഷം രൂപ വരെയും നല്കി വരുന്നു.
- ഏകദേശം 5 ലക്ഷത്തിലധികം പേർ അംഗത്വം എടുത്തിട്ടുണ്ട്.

- ഇതുവരെയായി 89 പേർക്ക് ക്ലെയിം ലഭ്യമായിട്ടുണ്ട്.
- വിദേശത്തു പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. അവർക്കും ഇൻഷുറൻസ് ആനുകൂല്യങ്ങൾ ബാധകമാക്കി.

## പ്രവാസി ഡിവിഡന്റ് പദ്ധതി

പ്രവാസി കേരളീയരുടെ ക്ഷേമം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി ക്ഷേമ ബോർഡ് കിഫ്ബിയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസം സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന പദ്ധതിയാണിത്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ദീർഘകാല പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭ്യമാക്കുകയും ചെയ്യും. ആദ്യ 3 വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം കൂട്ടിച്ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. അതിനുശേഷം നോമിനിക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപ തുക തിരികെ നൽകുന്നതാണ്. ഇതിനോടകം വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളിൽ നിന്നും 181.14 കോടി രൂപ നിക്ഷേപമായി സ്വീകരിച്ച് കിഫ്ബിക്ക് നൽകിയിട്ടുണ്ട്.

Section Officer

## അനുബന്ധം-2

| പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| പ്രവാസി പുനരധിവാസ പദ്ധതി (NDPREM) | 48.73 കോടി | 3075 ഗുണഭോക്താക്കൾ/ സംരംഭങ്ങൾക്കായി |
| നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെൻറർ (ജി.സി.സി) | 2.00 കോടി | 8,53,709 പേർ |
| നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് | 81 ലക്ഷം | 700 ൽ പരം സേവനങ്ങൾ |
| പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി | 18 ലക്ഷം | 3 |
| പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം | 95 ലക്ഷം | 28 സഹകരണ സംഘങ്ങൾ |
| നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് | 5 ലക്ഷം + ഡയറക്ടർമാരുടെ വിഹിതം | 175 വിദ്യാർത്ഥികൾ |
| നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും | 4.99 കോടി | 3915 |
| ഓൺലൈൻ ഡാറ്റാ ബേയ്സ് | 74 ലക്ഷം | 3.8 ലക്ഷം |
| നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെൻറർ (എൻ.ബി.എഫ്.സി) | 1.76 കോടി | 30-ഓളം സംരംഭങ്ങൾ (ഇതുവഴി 110 കോടി രൂപയുടെ നിക്ഷേപവും 750 ഓളം തൊഴിലവസരങ്ങളും) |
| എമർജൻസി റിപാട്രിയേഷൻ ഫണ്ട് | 46 ലക്ഷം | 14 പ്രവാസികളുടെ ഭൗതികശരീരവും, |

| | | |
|---|---|---|
| | | അസുഖബാധിതരായ 100 ഓളം പ്രവാസികളെയും നാട്ടിലെത്തിക്കാൻ കഴിഞ്ഞു |
| ലോക കേരള സഭ | 13.95 കോടി | തിട്ടപ്പെട്ടുത്താൻ കഴിയില്ല. |
| ഗ്ലോബൽ കേരള കൾച്ചറൽ ഫെസ്റ്റ് | 1.37 കോടി | തിട്ടപ്പെട്ടുത്താൻ കഴിയില്ല. |
| ലോകകേരളകേന്ദ്രം | 5 ലക്ഷം | തിട്ടപ്പെട്ടുത്താൻ കഴിയില്ല. |
| കോവിഡിനെ തുടർന്ന് 01.01.2020-ന ശേഷം മടങ്ങിയെത്തിയ പ്രവാസികൾക്ക് ധനസഹായം | 57.5 കോടി | 1,15,000 പേർ 31.12.2020 വരെ |
| ജോബ് പോർട്ടൽ | 90 ലക്ഷം | 1607 |
| പ്രീഡിപ്പാർച്ചർ ഓറിയൻറേഷൻ പ്രോഗാം | 33 ലക്ഷം | തിട്ടപ്പെട്ടുത്താൻ കഴിയില്ല. |
| സാന്ത്വന | 86.12 കോടി | 14460 ഗുണഭോക്താക്കൾ |

(Section Officer)